# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: T *164

07.12.2015 - ൽ
മറുപടിയ്ക്ക്

ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)
ഡോ.കെ.ടി.ജലീൽ

## ട്രെയിൻ യാത്രക്കാരുടെ സുരക്ഷ

### മറുപടി

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

(എ) തീവണ്ടി യാത്രകളിൽ നടക്കുന്ന അതിക്രമങ്ങളും മോഷണം, പിടിച്ചുപറി തുടങ്ങിയവ തടയുന്നതിനും നിലവിലുള്ള സംവിധാനങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ ; ആയത് വിശദമാക്കുമോ ;

(എ) ഇല്ല. നിലവിലുള്ള ഉദ്യോഗസ്ഥരെ പരമാവധി വിനിയോഗപ്പെടുത്തി പോലീസ് പട്രോളിംഗ് ശക്തമാക്കിയും രഹസ്യ വിവരങ്ങൾ സ്വീകരിച്ചും കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. റെയിൽവെയുടെ അനുവാദവും തീരുമാനവും ലഭിച്ചാൽ, എല്ലാ ട്രെയിനുകളിലും മുഴുവൻ സമയ പട്രോളിംഗും മറ്റും നടത്തുന്നതിനും റെയിൽവെ പോലീസിന്റെ അംഗബലവും ആയുധബലവും വർദ്ധിപ്പിച്ച് ആധുനിക സാങ്കേതിക ഉപകരണങ്ങൾ നൽകി ട്രെയിൻ യാത്രക്കാരുടെ സുരക്ഷ കൂടുതൽ ഉറപ്പിക്കാൻ സാധിക്കുന്നതാണ്.

(ബി) സംസ്ഥാനാതിർത്തിക്കുള്ളിൽ വച്ച് യാത്രക്കാർ കൊള്ളയ്ക്കും അക്രമത്തിനും വിധേയരാകുന്ന സംഭവങ്ങൾ ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് തീവണ്ടികളിൽ നടന്ന പിടിച്ചുപറിയുമായി ബന്ധപ്പെട്ട് 27 കേസുകളിലായി 26 പെരെ അറസ്റ്റുചെയ്യുകയും, അതിൽ 5 പേർ ശിക്ഷിക്കപ്പെടുകയും, തീവണ്ടികളിൽ നടന്ന മോഷണവുമായി ബന്ധപ്പെട്ട് 1031 കേസുകളിലായി 613 പെരെ അറസ്റ്റു ചെയ്യുകയും, അതിൽ 189 പേർ ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ